കവിത | **അഡോണിസ്**
വിവ: ഡോ.എം.എ അസ്കർ

# ബൈറൂത്തിന് അഭിവാദ്യം

മരിച്ചവരുടെ അസ്ഥികൾ കൊണ്ടു പണിത
ഊന്നുവടിയിൽ
കാലം മുടന്തുന്നു

ഉറക്കമില്ലായ്മയുടെ ഗൂഢലിപികൾ
രാത്രിയുടെ കഴുത്തറുക്കുന്നു

തലയോട്ടികൾ രക്തം ചീറ്റുന്നു
അവ ഉൻമാദത്താൽ പുലമ്പുന്നു

അഗ്നി മലിനമാവുന്നുവോ
കാറ്റു കൂനനാവുന്നുവോ?

പുക മേഘങ്ങളാണ്
മേഘങ്ങൾക്ക് ശിരസ്സിന്റെ ചായയാണ്

ആകാശത്തിലെ അക്ഷരമാലകൾ
തുണ്ടു തുണ്ടായി ഭൂമിയിൽ അച്ചടിച്ചുവീഴുന്നു

ചക്രവാളം,
അതിന്റെ പുത്രനായ കാറ്റിനോട്
ഇന്ന് പുറത്തിറങ്ങരുതെന്ന്
ഉപദേശിക്കുന്നു

ചിതറിത്തെറിച്ച ഈ ദൃഢനിശ്ചയത്തെ
എങ്ങനെ വാരിക്കൂട്ടും?

പാതയോരത്തെ ചരൽക്കല്ലുകൾ
തളർന്നു പോകാത്തതെന്താണ്?

സൂര്യനു പോലും,
ഇരുട്ട് സ്രവിക്കുന്ന
ഈ ശരീരത്തെ
പ്രകാശമാനമാക്കാൻ കഴിയില്ല

കാലം പൊടിപടലങ്ങളെ ഉടുത്തു കെട്ടുന്നു
അവയ്ക്ക് ഒരു വൃദ്ധന്റെ ഭാവമാണ്



നിദ്രയുടെ ഗോവണി കയറുമ്പോൾ,
ചിത്രശലഭങ്ങൾ എരിഞ്ഞൊടുങ്ങുന്നു

ഭസ്മരാജൻ
സിംഹാസനത്തിലിരുന്ന് ബൈഅത്ത് സ്വീകരിക്കുന്നു
മിസൈൽരാജൻ
തന്റെ അംഗവസ്ത്രം
പ്രജകളുടെ ദേഹത്തിലൂടെ വലിച്ചിഴക്കുന്നു

സൂര്യൻ അതിന്റെ വെളിച്ചത്തിനോടു പറയുന്നു:
എനിക്കു കാണാൻ വേണ്ടി,
നീ എന്റെ കണ്ണഞ്ചിപ്പിക്കുക

നരഹത്യയെ ന്യായീകരിക്കുന്ന
ഒരു തെറ്റാണോ ജീവിതം ?

എവിടെ കണ്ണീരു നിറയുന്ന കുഴികൾ?
എവിടെ ആത്മാവ് ശരണംപ്രാപിക്കുന്ന മടകൾ?

ഒന്ന് മറ്റൊന്നിനെ നിഗ്രഹിക്കുന്നു

ഈ ആകാശത്തിനു വേറെ മുലകളില്ലേ ?

ഈ പനിനീർപൂവിനു ദുർവാശി എവിടുന്നു കിട്ടി?,
അതിന്റെ പ്രണയം
എന്നെ വായിച്ചുകേൾപ്പിച്ചുകൊണ്ടേയിരിക്കുന്നു.

പനിനീർപൂവ് അതിന്റെ സുഗന്ധത്തെ
പ്രസവിച്ചതെങ്ങനെയെന്ന് മറക്കുന്നു

പകൽ പകലിനെ ഭയക്കുന്നു
രാത്രി രാത്രിയിലൊളിക്കുന്നു:
സൂര്യൻ കണ്ണുതിരുമ്മി നെടുവീർപ്പിടുന്നു-
അതു കാണുന്നതൊന്നും വിശ്വസിക്കുന്നില്ല

നന്ദി
അഗ്നിയെ ശമിപ്പിച്ച ചിതാഭസ്മധൂളികൾക്ക്,
ബോംബുവീഴ്ചകളിലെ  ഇടവേളകൾക്ക്,
എന്റെ കാലടികളെ സഹിച്ച ഇഷ്ടികപ്പാതകൾക്ക്,
സഹിക്കാൻ പഠിപ്പിക്കുന്ന ഈ ശിലാഖണ്ഡത്തിന്.
സ്ഫോടനങ്ങളുടെ ലഹരി പരീക്ഷിക്കുകയാണ് ഞാൻ,
സ്ഫോടനങ്ങളുടെ പരമാനന്ദം,
ആകസ്മികതകളുടെ ആകാശത്തിലേക്ക്
ഞാൻ എന്നെതന്നെ വെടിവെച്ചിടുന്നു
വിളക്കണഞ്ഞു.
ഇനി എന്റെ സ്വപ്നങ്ങളുടെ നക്ഷത്രങ്ങൾക്ക്
ഞാൻ തിരിതെളിയിക്കട്ടെ,
പ്രണയമേ, എന്നെ പുണരുക,
ഈ രാത്രിയിൽ എനിക്കു കൂട്ടുവരിക.

